# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4392 17.12.2014 - ൽ മറുപടിയ്ക്ക്

## ദന്ത ചികിത്സാ സൗകര്യങ്ങൾ ഫലപ്രദമാക്കാൻ നടപടി

| ചോദ്യം<br>ശ്രീ. ശ്രീ സണ്ണി ജോസഫ് :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. പി. സി. വിഷ്ണുനാഥ് : | മറുപടി<br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് ദന്ത ചികിത്സാ സൗകര്യങ്ങൾ ഫലപ്രദമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് | സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം, മുഴുവൻ സ്പെഷ്യാലിറ്റികളോടും കൂടി ആലപ്പുഴയിൽ ഒരു പുതിയ സർക്കാർ ഡെന്റൽ കോളേജ് പ്രവർത്തന മാരംഭിച്ചു. ഓരോ വർഷവും പദ്ധതിയിനത്തിൽ ഡെന്റൽ കോളേജുകളുടെ വികസനത്തിന് തുക നീക്കിവയ്ക്കുന്നുണ്ട് . കൂടാതെ എല്ലാ സർക്കാർ ഡെന്റൽകോളേജുകളോടനുബന്ധിച്ച് മൊബൈൽ ഡെന്റൽ ക്ലിനിക്കുകളും മൊബൈൽ വാനുകളുമുണ്ട്. ഓരോ ഡെന്റൽകോളേജുകളോടനുബന്ധിച്ച് സാറ്റലൈറ്റ് റൂറൽ സെന്ററുകളും പ്രവർത്തിച്ചു വരുന്നു.<br>സംസ്ഥാനത്ത് ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിൽ 90 ഡെന്റൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് 109 ഡോക്ടർമാരും 78 ദന്തൽ ഹൈജിനിസ്റ്റുകളും, 33 ദന്തൽ മെക്കാനിക്കുകളും പ്രവർത്തിച്ചുവരുന്നു. ഈ യൂണിറ്റുകളിലേക്കാവശ്യമായ നൂതന ഉപകരണങ്ങൾ, ഡെനറൽ മെറ്റീരിയൽസ്, സ്പെഷ്യാലിറ്റി ഉപകരണങ്ങൾ ഇവ ലഭ്യമാക്കി-യിട്ടുണ്ട്. കൂടാതെ അത്യാവശ്യമായി വേണ്ടിവരുന്ന ദന്തൽ മെറ്റീരിയൽസും അനുബന്ധ ഉപകരണങ്ങളും അതാത് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വഴി ലഭ്യമാക്കാറുണ്ട്. ദന്തരോഗങ്ങൾ ആരംഭത്തിലേ കണ്ടെത്തി ആവശ്യമായ ചികിത്സ നൽകുന്നതിനായി എല്ലാ വർഷവും സ്കൂൾ ദന്തൽ ക്യാമ്പുകൾ നടത്തി വരുന്നുണ്ട് . പൊതുജനങ്ങൾക്ക് ദന്താരോഗ്യത്തെ -ക്കുറിച്ച് അറിവ് നൽകുന്നതിനായി ദന്താരോഗ്യ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ദന്ത ഡോക്ടർമാർക്കും, പാരാമെഡിക്കൽ |

| | |
|---|---|
| | സ്റ്റാഫിനും ആവശ്യമായ പരിശീലനവും നൽകി വരുന്നുണ്ട് . എൻ . ആർ .എച്ച് . എം . മുഖേന ദന്തൽ ഡോക്ടർമാർ ഇല്ലാതിരുന്ന 32 സ്ഥാപനങ്ങളിൽ ദന്ത ഡോക്ടർ മാരെ നിയമിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ 12 ദന്തൽ സ്പെഷ്യലിസ്റ്റുകളുടെ തസ്തികയും എൻ. ആർ . എച്ച് . എം. മുഖേന സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട് . വയനാട് ജില്ലയിലെ മാനന്തവാടി ജില്ലാ ആശുപത്രിയോടനുബന്ധിച്ച് ഒരു മൊബൈൽ ദന്തൽ യൂണിറ്റു പ്രവർത്തിച്ചുവരുന്നുണ്ട്. |
| (ബി) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ എത്ര ഡെന്റൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. | 4 ഡെന്റൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട് . |
| (സി) സംസ്ഥാനത്ത് പുതുതായി ഡെന്റൽ കോളേജുകൾ ആരംഭിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണനയിലുണ്ടോ ; എങ്കിൽ എവിടെയെല്ലാം? | ആലപ്പുഴ - തൃശ്ശൂർ മെഡിക്കൽ കോളേജുകൾക്ക് അനുബന്ധമായി പുതിയ സർക്കാർ ഡെന്റൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട് അതിൽ ആലപ്പുഴയിൽ പുതിയ ഡെന്റൽ കോളേജ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ